## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **6045**

04.11.2016-ൽ മറുപടിക്ക്

## ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക സ്ഥലം വിലയ്ക്ക് വാങ്ങിയവർക്ക് 30 വർഷങ്ങൾക്കുശേഷവും തീറാധാരം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) ചാലക്കുടി ഭവന പദ്ധതിയിൽ ആകെയുള്ള 124 അലോട്ടികളിൽ 103 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭൂമി സംബന്ധമായ കേസ്സുകളെല്ലാം തീർപ്പാക്കിയതിനു ശേഷവും തീറാധാരം നൽകാത്ത പ്രശ്നത്തിനു പരിഹാരം കാണുന്നതിനും, അടിയന്തരമായി തീറാധാരം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന LAR കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. DSC ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പാക്കി എന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമകണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20/10/1998-ൽ ഭവന നിർമ്മാണ ബോർഡ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും, 53 |

വീടുകളുടെയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചെങ്കിലും DSC ഇതുവരേയും ലഭിച്ചിട്ടില്ല. എന്നാൽ ബാക്കിയുള്ള 21 പേർക്കും മേൽപറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

| | | | |
|---|---|---|---|
| (സി) | ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (സി) | തൃശൂർ ജില്ലയിൽ കിഴക്കേ ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് വാണിജ്യാവശ്യത്തിനായി നീക്കിവെച്ചിട്ടുള്ള 60.72 സെന്റ് സ്ഥലത്ത് 5 നിലകൾ ഉള്ള 5456.64 ച.മീ. വിസ്തീർണ്ണമുള്ള ഒരു വ്യാപാര സമുച്ചയ പദ്ധതി ഭവന നിർമ്മാണ ബോർഡ് രൂപകല്പന ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണംവാങ്ങി പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.